## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3433** **19.06.2019 ൽ മറുപടിയ്ക്ക്**

**അന്തർസംസ്ഥാന ബസ്സ് സർവ്വീസുകൾ**

| | ചോദ്യം<br>ശ്രീ.പി.ടി. തോമസ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2017 ജൂലൈ 20 ന് ആലപ്പുഴയിൽ നടന്ന സതേൺ സ്റ്റേറ്റ് ട്രാൻസ്പോർട്ട് മിനിസ്റ്റേഴ്സ് കോൺഫറൻസിൽ കേരള,കർണ്ണാടക സംസ്ഥാന സർക്കാരുകൾ പുതിയ അന്തർ സംസ്ഥാന ബസ്സ് സർവ്വീസുകൾ തുടങ്ങുവാൻ ധാരണയിലെത്തിയിരുന്നുവോ; | (എ) | 2017 ൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഗതാഗത വകുപ്പ് മന്ത്രിമാരുടെ യോഗത്തോടനുബന്ധിച്ച് ഇരു സംസ്ഥാനങ്ങളിലേയും ഗതാഗത . സെക്രട്ടറിമാരുടെ സാന്നിദ്ധ്യത്തിൽ പുതിയ റൂട്ടുകൾ സംബന്ധിച്ച പ്രാഥമിക ധാരണയിൽ എത്തിയിരുന്നു. |
| (ബി) | പ്രസ്തുത ധാരണപ്രകാരം എത്ര സർവ്വീസുകൾ നടത്തുന്നതിനാണ് തീരുമാനം എടുത്തിരുന്നത്; ഇവ ഏതൊക്കെ റൂട്ടുകളിലാണെന്ന് അറിയിക്കുമോ; | (ബി) | 7 സർവ്വീസുകൾ.<br>1. കോഴിക്കോട്-ഹൈദരാബാദ് (മൈസൂർ, കുർന്നൂർ വഴി)<br>2. കോഴിക്കോട്-പുട്ടപർത്തി (മൈസൂർ, ബാംഗ്ലൂർ, ചിക്കമംഗ്ലൂർ വഴി)<br>3. കോഴിക്കോട്-തിരുപ്പതി (മൈസൂർ,ബാംഗ്ലൂർ,ചിറ്റൂർ വഴി)<br>4. കണ്ണൂർ-കൊല്ലൂർ (കാസർഗോഡ്, മംഗലാപുരം, ഉഡുപ്പി വഴി)<br>5. സുൽത്താൻബത്തേരി-മൈസൂർ (ഗുഡൽപേട്ട്, നഞ്ചൻഗോഡ്)<br>6. കോഴിക്കോട്-മുംബൈ (മംഗലാപുരം,ഉഡുപ്പി,ഗോവ, പനവേൽ)<br>7. കോഴിക്കോട്-മുംബൈ (മംഗലാപുരം, ബെൽഗാവി , പൂനെ വഴി) |
| (സി) | ഇതിൻപ്രകാരം എത്ര അന്തർസംസ്ഥാന ബസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. സംസ്ഥാനത്ത് നിന്നും ആരംഭിച്ചുവെന്ന് അറിയിക്കുമോ; | (സി) യും (ഡി) യും | പ്രസ്തുത റൂട്ടുകളിൽ സർവ്വീസ് ആരംഭിക്കുവാൻ പ്രായോഗികമായി കഴിയാത്തതിനാൽ ഇതുസംബന്ധിച്ച തുടർ നടപടികൾ ഒഴിവാക്കണമെന്നും നിലവിലെ സാഹചര്യങ്ങളിൽ കർണ്ണാടക ആർ.ടി.സി.യുമായി പുതിയ ഒരു അന്തർസംസ്ഥാന കരാർ രൂപീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെന്നും ഉളള കെ.എസ്.ആർ. ടി.സിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കർണ്ണാടക സംസ്ഥാനവുമായി അന്തിമ ധാരണയിലെത്താൻ സാധിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത ധാരണ പ്രകാരം ബസ് സർവ്വീസ് ഒന്നും ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**